**വിവരാവകാശം/ മറുപടി**

ഇ9/12914/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി 01/10/2018
E mail : **swdkerala@gmail.com**
Phone : 0471 – 2306040

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ

ശ്രീ.ആർ.രാധാകൃഷ്ണപിള്ള,
വാഴപ്പാടത്ത് ഹൗസ്,
കുഴിമറ്റം.പി.ഒ,
കോട്ടയം 686 533

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം – വിവരാവകാശനിയമം 2005 പ്രകാരമുള്ള അപേക്ഷ – മറുപടി നൽകുന്നത് – സംബന്ധിച്ച്.

സൂചന :- 1. വിവരാവകാശ നിയമപ്രകാരമുള്ള താങ്കളുടെ 31/7/2018 ലെ അപേക്ഷ.
2. സർക്കാർ കത്ത് നം. 2785411/സി3/2018/സാനീവ തീയതി 27/9/2018

സൂചന (1) ലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. സാമൂഹ്യനീതി വകുപ്പിലെ ജീവനക്കാരെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. സാമൂഹ്യനീതി വകുപ്പിലെ ജീവനക്കാരുടെ ആകെ എണ്ണം 2094 ആണ്. സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് രൂപീകരിച്ചതിനെ തുടർന്ന് സാമൂഹ്യനീതി വകുപ്പിൽ നിലനിന്നിരുന്ന അഞ്ച് വിഭാഗം തസ്തികകൾ വനിത ശിശു വികസന വകുപ്പിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി തസ്തികകളെ സംബന്ധിച്ച വിവരം താങ്കൾക്ക് നേരിട്ട് ലഭ്യമാക്കുവാൻ താങ്കളുടെ അപേക്ഷയുടെ പകർപ്പ് വനിതാ ശിശു വികസന ഡയറക്ടറേറ്റിലെ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

2,3,4) ടി വിവരം ഈ കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

ഈ മറുപടിയിൻമേൽ താങ്കൾക്ക് പരാതിയുള്ള പക്ഷം മറുപടി ലഭിച്ച് 30 ദിവസത്തിനകം ഒന്നാം അപ്പീൽ അധികാരിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം 695 033 എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

രാജീവ് കുമാർ.എസ്
സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ
& സീനിയർ സൂപ്രണ്ട്

വിവരാവകാശം/ മറുപടി

ഇ9/12914/18 (1)

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി 01/10/2018
E mail : swdkerala@gmail.com
Phone : 0471 – 2306040

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ,
വനിത ശിശു വികസന ഡയറക്ടറേറ്റ്.

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം – വിവരാവകാശനിയമം 2005 പ്രകാരമുള്ള അപേക്ഷ – മറുപടി നൽകുന്നത് – സംബന്ധിച്ച്.

സൂചന :- 1. സർക്കാർ കത്ത് നം. 2785411/സി13/2018/സാനീവ തീയതി 27/9/2018

2. ശ്രീ.ആർ. രാധാകൃഷ്ണപിള്ള, കോട്ടയം ന്റെ 31/7/2018 ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിവരം ആവശ്യപ്പെട്ടുകൊണ്ടുള്ള വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ സൂചന (2) പ്രകാരം ലഭ്യമായിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിലെ ജീവനക്കാരെ സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ നിന്നും അപേക്ഷകന് നൽകിയിട്ടുണ്ട്. എന്നാൽ സാമൂഹ്യനീതി വകുപ്പിൽ നിന്നും വനിത ശിശു വികസന വകുപ്പിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട പ്രോഗ്രാം ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ, വനിത പ്രൊട്ടക്ഷൻ ഓഫീസർ, ഐസിഡിഎസ് സൂപ്പർവൈസർ, കെയർ ടേക്കർ എന്നീ തസ്തികകളെ സംബന്ധിച്ച വിവരം അപേക്ഷകനു നൽകിയിട്ടില്ല. ടി തസ്തികകളെ സംബന്ധിച്ച വിവരം അപേക്ഷകന് നേരിട്ടു നൽകുന്നതിലേയ്ക്കായി അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

രാജീവ് കുമാർ.എസ്
സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ
& സീനിയർ സൂപ്രണ്ട്

പകർപ്പ്

ശ്രീ.ആർ.രാധാകൃഷ്ണപിള്ള,
വാഴപ്പാടത്ത് ഹൗസ്,
കുഴിമറ്റം.പി.ഒ, കോട്ടയം 686 533